(ബി) എങ്കിൽ ഇതിന് പരിഹാരം കാണാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ;

(സി) അഴിമുഖങ്ങളിൽ യഥാസമയം ഡ്രഡ്ജിംഗ് നടത്തുന്നതിന് നിലവിലുള്ള സംവിധാനമെന്താണെന്ന് വ്യക്തമാക്കുമോ ;

(ഡി) സംസ്ഥാനത്ത് പുതുതായി ഡ്രഡ്ജിംഗ് നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ;

(ഇ) അഴിമുഖങ്ങളിൽ ആഴം വർദ്ധിപ്പിക്കുന്നതിനായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ എന്നറിയിക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) അഴിമുഖങ്ങളിലെ മണ്ണ് നീക്കം ചെയ്യുന്നതിനായി 1996-97 വർഷത്തിൽ 30 ലക്ഷം രൂപയും 1997-98 വർഷത്തിൽ 15 ലക്ഷം രൂപയും വകകൊള്ളിച്ചിരുന്നു. അഴിമുഖങ്ങൾ ഡ്രഡ്ജ് ചെയ്യുന്നതിന് ആവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) പ്രത്യേക സംവിധാനങ്ങൾ നിലവിലില്ല.

(ഡി) ഉണ്ട്. ഡ്രഡ്ജിംഗ് ആവശ്യമായി വരുമ്പോൾ നടത്തുന്നതാണ്.

(ഇ) ഉണ്ട്.

സാംസ്ക്കാരിക വകുപ്പ് ഡയറക്ടറേറ്റ് രൂപീകരണം

107 (1670) ശ്രീ. കെ. സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സാംസ്ക്കാരിക വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളേയും, സ്വയംഭരണ കേന്ദ്രങ്ങളേയും ഏകോപിപ്പിച്ചുകൊണ്ട് ഇവയുടെ പ്രവർത്തനം കാര്യക്ഷമമായി നടത്തുന്നതിനായി സ്വതന്ത്ര ചുമതലയിൽ സാംസ്ക്കാരിക വകുപ്പ് ഡയറക്ടറേറ്റ് ആരംഭിക്കുന്നതിന് ഉദ്ദേശമുണ്ടോ ;

(ബി) എങ്കിൽ ഇതിനാവശ്യമായ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ;

(സി) സംസ്ഥാനത്തെ സാംസ്ക്കാരികകാര്യ ഡയറക്ടറുടെ തസ്തിക നിലവിലുണ്ടോ ; എങ്കിൽ ഈ ഉദ്യോഗസ്ഥന്റെ അധികാരങ്ങളും ചുമതലകളും എന്തൊക്കെയാണെന്ന് വിശദമാക്കാമോ ;

(ഡി) പ്രസ്തുത ഉദ്യോഗസ്ഥന് വകുപ്പു മേധാവിക്ക് നൽകുന്ന സൗകര്യങ്ങൾ ലഭ്യമാക്കിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) സാംസ്ക്കാരികകാര്യ ഡയറക്ടർ തസ്തിക സാംസ്ക്കാരിക വകുപ്പിന് കീഴിലാണോ അതോ പബ്ലിക് റിലേഷൻസ് വകുപ്പിന് കീഴിലാണോ എന്ന് വ്യക്തമാക്കാമോ ;

(എഫ്) സാംസ്ക്കാരിക വകുപ്പിന് കീഴിലാണെങ്കിൽ സാംസ്ക്കാരിക കാര്യ ഡയറക്ടർ തസ്തിക സാംസ്കാരിക വകുപ്പ് ഡയറക്ടർ എന്നാക്കിക്കൊണ്ട് ഈ ഉദ്യോഗസ്ഥന് കീഴിൽ സ്വതന്ത്ര ചുമതലയുള്ള സാംസ്ക്കാരിക വകുപ്പ് രൂപീകരിച്ച് പ്രവർത്തിക്കുന്നതിനായി അടിയന്തിര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇക്കാര്യം പരിഗണനയിലാണ്.

(സി) സാംസ്ക്കാരികകാര്യ ഡയറക്ടർ എന്ന ഒരു തസ്തിക സെക്രട്ടേറിയറ്റിലെ സാംസ്ക്കാരിക വകുപ്പിൽ നിലവിലില്ല.

(ഡി) ഉദിക്കുന്നില്ല.

(ഇ) ഉദിക്കുന്നില്ല.

(എഫ്) ഉദിക്കുന്നില്ല.

വയനാട്ടിലെ മാനവീയം പരിപാടി

108 (1671) ശ്രീ. വർഗ്ഗീസ് വൈദ്യർ : താഴെ കാണുന്ന ചോദ്യത്തിന് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

'മാനവീയ'ത്തിന്റെ ഭാഗമായി വയനാട് ജില്ലയിൽ നടപ്പിലാക്കിയിട്ടുള്ള പരിപാടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ ?

ഉത്തരം

1999 നവംബർ 1-ന് വയനാട് ജില്ലാ കളക്ടർ ജില്ലാ ആസ്ഥാനത്ത് മാനവീയം പതാക ഉയർത്തുകയും അന്നേദിവസം ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലിന്റെ ആഭിമുഖ്യത്തിൽ ചെംപ്ര മലയിലേക്ക് ട്രക്കിംഗ് നടത്തുകയും വൈകുന്നേരം സാംസ്ക്കാരിക ഘോഷയാത്ര നടത്തുകയും ചെയ്തു. ഡിസംബർ 27-ന് സഹസ്രാബ്ദ കൂട്ട ചിത്ര രചന നടത്തി. വിദ്യാർത്ഥികളെ ഉൾപ്പെടുത്തി പ്രതിഭാസംഗമം നടത്തി. വിദ്യാഭ്യാസ സബ് കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ 2000 ജനുവരി 27, 29 തീയതികളിൽ പ്രധാന അദ്ധ്യാപക സംഗമവും കോ-ഓർഡിനേറ്റർ പരിശീലനവും നടത്തി. 2000 മാർച്ച് 8-ന് സാർവ്വ ദേശീയ വനിതാ ദിനത്തോടനുബന്ധിച്ച് ഹൈസ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്കായി ചിത്ര രചന, പ്രസംഗം, ഉപന്യാസ മത്സരം എന്നിവ നടത്തി. പ്രശസ്ത ചിത്രകാരനായ ജോണി മിഖായേലിന്റെ ചിത്ര പ്രദർശനം സംഘടിപ്പിച്ചു. ഹിന്ദുസ്ഥാനി സംഗീതകച്ചേരി, കർണ്ണാടക സംഗീത കച്ചേരി, ഡാൻസ്, മാജിക് തുടങ്ങിയ കലാപരിപാടികളും നടത്തി. സഞ്ചരിക്കുന്ന ചിത്ര പ്രദർശനവും വയനാട് ജില്ലയിൽ പര്യടനം നടത്തി.

LIBRARY ARCHIVES Kerala Legislative Assembly